# ബി.പി.എൽ കാർഡ്: ചട്ടം ഉദാരമാക്കും- മുഖ്യമന്ത്രി

പ്രത്യേക ലേഖകൻ

**മലപ്പുറം:** അർഹർക്കെല്ലാം ബി.പി.എൽ കാർഡ് ലഭിക്കാൻ ചട്ടം ഉദാരമാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ജനസമ്പർക്ക പരിപാടികളിലെടുത്ത നടപടികളുടെ കാര്യത്തിൽ ധനവകുപ്പുദ്യോഗസ്ഥർ ചൂണ്ടിക്കാട്ടിയ ചട്ടലംഘനം അടുത്ത മന്ത്രിസഭാ യോഗത്തിൽതന്നെ ചർച്ചചെയ്ത് പരിഹരിക്കും. വ്യാഴാഴ്ച രാവിലെ മലപ്പുറം എം.എസ്.പി പരേഡ് മൈതാനത്ത് ജനസമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ജനസമ്പർക്ക പരിപാടികളിലെ ചില തീരുമാനങ്ങളിൽ ചട്ടം ലംഘിച്ചിട്ടുണ്ട്. നേരിട്ടുകണ്ട് അർഹരെന്ന് ബോധ്യപ്പെട്ടവരുടെ കാര്യത്തിൽ ചട്ടലംഘനമാണോ എന്നു നോക്കാതെ മനഃസാക്ഷിക്കനുസരിച്ച് തീരുമാനമെടുത്ത് ആനുകൂല്യങ്ങൾ അനുവദിക്കുകയാണുണ്ടായതെന്ന് അദ്ദേഹം വ്യക്തമാക്കി.

ഭരണവും ജനങ്ങളും തമ്മിലുള്ള അകലം ഇല്ലാതാക്കലാണ് പരിപാടിയുടെ ലക്ഷ്യം. ഇത് വിജയിക്കണമെങ്കിൽ ഫലം കാണിച്ചുകൊടുക്കണം. ഇത്രയേറെ പരാതികൾ ഇവിടെ വരേണ്ടതല്ലെന്നും അങ്ങനെ വന്നതിന് കാരണം ഭരണ വ്യവസ്ഥയുടെ പരാജയമാണെന്നുമുള്ള വിമർശത്തിൽ കഴമ്പുണ്ട്.

ഉദ്ഘാടനച്ചടങ്ങ് 10 മിനിറ്റിൽ ഒതുക്കി. മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി അധ്യക്ഷനായിരുന്നു. മന്ത്രിമാരായ ആര്യാടൻ മുഹമ്മദ്, എ.പി. അനിൽകുമാർ, എം.എൽ.എമാരായ എ.പി. ഉബൈദുള്ള, പി. ശ്രീരാമകൃഷ്ണൻ, ജില്ലാ കളക്ടർ എം.സി. മോഹൻദാസ്, എ.ഡി.എം എൻ.കെ. ആൻറണി എന്നിവർ സംസാരിച്ചു. മന്ത്രി പി.കെ. അബ്ദുറബ്ബ്, എം.എൽ.എമാരായ കെ. മുഹമ്മദുണ്ണി ഹാജി, സി. മമ്മൂട്ടി, കെ.ടി. ജലീൽ, എം.പി. അബ്ദുസമദ് സമദാനി, ടി.എ. അഹമ്മദ്കബീർ, മഞ്ഞളാംകുഴി അലി, അഡ്വ. എം. ഉമ്മർ, പി.കെ. ബഷീർ എന്നിവരും മലപ്പുറം നഗരസഭാ ചെയർമാൻ കെ.പി. മുഹമ്മദ് മുസ്തഫ അടക്കമുള്ള തദ്ദേശ സ്ഥാപന മേധാവികളും രാഷ്ട്രീയകക്ഷി പ്രതിനിധികളും സന്നിഹിതരായിരുന്നു.

## മുഖ്യമന്ത്രി വേദിവിട്ടത് രാത്രി പത്തിന്

**മലപ്പുറം:** സമയം രാത്രി 9.56. അവസാന പരാതിയും സ്വീകരിച്ച് മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി അവസാനിപ്പിച്ചു. വേദിയിലും സദസ്സിലും തളർന്ന മുഖങ്ങൾ. എന്നാൽ മുഖ്യമന്ത്രിക്ക് പ്രത്യേകിച്ച് ക്ഷീണമില്ല. എല്ലാവരോടും നന്ദി പ്രകടിപ്പിച്ചു. ഇങ്ങനെയുള്ള കൂട്ടായ്മകളാണ് നാടിനാവശ്യമെന്നും ജനങ്ങൾക്ക് ആവശ്യമാകുമ്പോൾ തടസ്സമൊന്നും പറയരുതെന്നും മുഖ്യമന്ത്രി. ശേഷം മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് ചില മറുപടികൾ. ഇതൊരു നല്ല തുടക്കമാകുമെന്ന് ചിരിച്ചുകൊണ്ട് പറഞ്ഞ് കൃത്യം 10.05ന് ഉമ്മൻചാണ്ടി വേദിവിട്ടു.

കൂടുതൽ വാർത്തകളും ചിത്രങ്ങളും ...... 3, 8-9



**ഈ വേദന എന്നേറതും** | മലപ്പുറം എം.എസ്.പി. മൈതാനത്ത് നടന്ന പൊതുജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയോട് പൊട്ടിക്കരഞ്ഞുകൊണ്ട് ദുരിതങ്ങൾ വിവരിക്കുന്ന സ്ത്രീ *-ഫോട്ടോ: ജെ. ഫിലിപ്പ്*